# 97. കിൻഡർ ഗാർട്ടന്റെ പിതാവ്

ചെവി എഴുത്താണികൊണ്ടു തുളച്ചും, തുടയിൽ മണലിട്ടു തിരുമ്മിയും, പ്രഹരാദികഷായം മുടങ്ങാതെ സേവിപ്പിച്ചും, ഒക്കെ വേണം കുട്ടികളെ അക്ഷരവിദ്യ പഠിപ്പിക്കാനെന്ന് ലോകത്തിലെ മിക്ക ഭാഗങ്ങളിലുമുള്ള വിദ്യാഭ്യാസപ്രവർത്തകർ വിശ്വസിച്ചും, ആ വിശ്വാസത്തിനനുസരിച്ചു പ്രവർത്തിച്ചും വന്ന കാലത്താണ്, ജർമനിയിലെ തുരിംഗിയ സംസ്ഥാനത്തിൽ റൂഡോൾ സ്റ്റാഡ്റ്റ് എന്ന ചെറുനഗരത്തിൽ ഒരു പള്ളിവികാരിയുടെ ആറാമത്തെ മകനായി ഫ്രീഡ്റിഷ് ഫ്രോയ്ബൽ ജനിച്ചത്.

ഫ്രോയ്ബലിന്റെ ശിശുപ്രായത്തിൽ അമ്മ മരിച്ചു. അച്ഛൻ വീണ്ടും വിവാഹം ചെയ്തു. ചെറിയമ്മയുമായി ഒട്ടും തൃപ്തികരമായ ബന്ധമായിരുന്നില്ല ഫ്രോയ്ബലിന്റേത്. ദുസ്സഹമായിരുന്ന ആ ബാല്യ കുടുംബജീവിതം. അതിനാലാവണം, ആദർശപരമായ ഒരു കുടുംബജീവിതത്തെപ്പറ്റി ജീവിതകാലമത്രയും ഫ്രോയ്ബൽ സ്വപ്നം കണ്ടുകൊണ്ടിരുന്നു.

സഹോദരന്മാരെപ്പോലെ ഉപരിവിദ്യാഭ്യാസം നേടാൻ ഫ്രോയ്ബലിനു കഴിഞ്ഞില്ല. അച്ഛന്റെ നിർദേശപ്രകാരം അദ്ദേഹം ചെറുപ്പത്തിൽതന്നെ ഒരു കർഷകന്റെയും സർവെയറുടെയും സഹായിയായി പ്രവൃത്തി ആരംഭിച്ചു. പക്ഷേ, പില്ക്കാലത്ത് ഖനിജശാസ്ത്രം, (മിനെറോളജി) പഠിക്കുന്നതിന് ഫ്രോയ്ബലിന് അവസരം ലഭിച്ചു. പത്രത്തിൽ പരസ്യം കൊടുത്ത് ഫ്രാങ്ക്ഫുർട്ട് നഗരത്തിലെ ഒരു കുടുംബത്തിൽ ട്യൂട്ടറുടെ ജോലിയും ഫ്രോയ്ബൽ നേടി. ജീവിതത്തിലാദ്യമായി ഒരു നല്ല കുടുംബം ഫ്രോയ്ബൽ കണ്ടത് അപ്പോഴാണ്.

ഫ്രാങ്ക്ഫുർട്ടിൽവെച്ച് പല അദ്ധ്യാപകരുമായും ഫ്രോയ്ബൽ പരിചയപ്പെട്ടു. സ്വിറ്റ്സർലണ്ടിലെ വിദ്യാഭ്യാസ പ്രവർത്തകനും സമൂഹപരിഷ്കർത്താവുമായ യോഹൻ ഹൈൻറിഷ് പെസ്റ്റലോസ്സിയുടെ ശിഷ്യരും ആരാധകരുമായിരുന്ന അവരിൽ പലരും. ഫ്രോയ്ബലും പെസ്റ്റലോസ്സിയുടെ ശിഷ്യനായി. ഒരു കൊല്ലം പെസ്റ്റലോസ്സിയുടെ കീഴിൽ പ്രവർത്തിക്കാനുള്ള അവസരവും ഫ്രോയ്ബലിനു ലഭിച്ചു. എന്നാൽ, അവർ തമ്മിൽ അടിസ്ഥാനപരമായ അഭിപ്രായവ്യത്യാസങ്ങളുണ്ടായിരുന്നു. അതിനാൽ ഗുരുവും ശിഷ്യനും അധികം താമസിയാതെ രണ്ടു വഴിക്കു തിരിഞ്ഞു.

സാമാന്യവിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിലായിരുന്നു പെസ്റ്റലോസ്സിയുടെ താല്പര്യം. ജനസംഖ്യയിൽ കൂടുതൽ കൂടുതൽ ആളുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകേണ്ടതിനെപ്പറ്റിയായിരുന്നു അദ്ദേഹത്തിന്റെ ചിന്ത. സാമാന്യവിദ്യാഭ്യാസത്തിന്റെ സൈദ്ധാന്തികൻ എന്ന നിലയിൽ വിദ്യാഭ്യാസചരിത്രത്തിൽ സമുന്നതമായ സ്ഥാനമാണ് പെസ്റ്റലോസ്സിക്കുള്ളത്.

വിദ്യാഭ്യാസത്തെപ്പറ്റിയുള്ള ഫ്രോയ്ബലിന്റെ ചിന്തകൾ വ്യക്തികേന്ദ്രീതങ്ങളായിരുന്നു. പ്രകൃതിയും മനുഷ്യബുദ്ധിയും തമ്മിൽ അനുരഞ്ജനം ഉളവാക്കുകയായിരുന്നു, ഫ്രോയ്ബലിന്റെ ദൃഷ്ടിയിൽ, വിദ്യാഭ്യാസം. ഈ വിദ്യാഭ്യാസം നല്കുന്നതിനുവേണ്ടി താൻ നിർമിച്ച സ്ഥാപനത്തിന് അദ്ദേഹം 'കിൻഡർ ഗാർട്ടൺ' എന്ന പേരു നൽകി. 'കുട്ടികളുടെ തോട്ടം' എന്നാണ് ആ വാക്കിന്റെ അർത്ഥം. ഫ്രോയ്ബലിന്റെ പള്ളിക്കൂടങ്ങളിൽ തോട്ടങ്ങളും, അവയിൽ ധാരാളം ഫലവൃക്ഷങ്ങളും പൂച്ചെടികളും പുൽത്തകിടികളും എല്ലാം ഉണ്ടായിരുന്നു.

ഫ്രോയ്ബലിന്റെ വിദ്യാർത്ഥികളിലധികവും അനാഥരോ ദരിദ്രരോ ആയ കുട്ടികളായിരുന്നു. തോട്ടത്തിൽ മണ്ണിൽ കളിച്ചും, മണ്ണു കുഴച്ച് പല ആകൃതികളിൽ രൂപപ്പെടുത്തിയും, ഉന്മേഷം സംഭരിക്കാൻ ഫ്രോയ്ബൽ ഈ കുട്ടികളെ പ്രേരിപ്പിച്ചു. അവരുടെ കളികളെ നിർമാണപ്രവർത്തനങ്ങളാക്കി മാറ്റുന്നതിന് ഫ്രോയ്ബൽ അവർക്ക് ചെറിയ ഇഷ്ടികകൾ ക്യൂബുകൾ, സിലിണ്ടറുകൾ, ഗോളങ്ങൾ, വട്ടകൾ, ത്രികോണക്കട്ടകൾ മുതലായവ ഉണ്ടാക്കിക്കൊടുത്തു. കുട്ടികൾ ഇവയുപയോഗിച്ച് ഗോപുരങ്ങൾ, പാലങ്ങൾ മുതലായവ നിർമിച്ചു കളിക്കുന്നതു് ഫ്രോയ്ബൽ സശ്രദ്ധം നിരീക്ഷിച്ചു. ഈ നിരീക്ഷണത്തിൽനിന്നും രൂപവത്കരിച്ച നിഗമനങ്ങളാണ് ഫ്രോയ്ബലിന്റെ വിദ്യാഭ്യാസസിദ്ധാന്തങ്ങൾ. ഫ്രോയ്ബലിന്റെ ചതുരക്കട്ടകളും സിലിണ്ടറുകളും, ത്രികോണങ്ങളും മറ്റും പരിഷ്കൃതരാജ്യങ്ങളിൽ ഇന്നും ശിശുവിദ്യാഭ്യാസത്തിന്റെ അടിസ്ഥാനോപകരണങ്ങളാണ്.

നെപ്പോളിയന്റെ പടയെടുപ്പുകാലത്തു് ഫ്രോയ്ബൽ സ്വമേധയാ പട്ടാളത്തിൽ ചേർന്നു. യുദ്ധത്തിന്റെ ഭീകരതയെപ്പറ്റി കുട്ടികൾക്കു പറഞ്ഞുകൊടുക്കാൻ വേണ്ടി, യുദ്ധം നേരിട്ട് അനുഭവിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഇതിനായി യഥാർത്ഥത്തിൽ മരണഭയം തനിക്ക് ഉണ്ടാകണമെന്ന് അദ്ദേഹം കരുതി.

വിദ്യാഭ്യാസചിന്തകൻ എന്ന നിലയിൽ ഫ്രോയ്ബൽ പ്രസിദ്ധി നേടിയതോടെ ബോർഡിങ് സ്കൂളുകൾ, അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ എന്നിവ സ്ഥാപിച്ചു നടത്താൻ അദ്ദേഹത്തിനു ധാരാളം അവസരങ്ങൾ കിട്ടി. ഇപ്പോഴത്തെ വയോജനവിദ്യാഭ്യാസകേന്ദ്രങ്ങളുടെ മുന്നോടികളായ ഏതാനും സ്ഥാപനങ്ങൾകൂടി അദ്ദേഹം നടത്തുകയുണ്ടായി. ഇവയിലൂടെയൊക്കെ പ്രകൃതിയിൽ പ്രവർത്തിച്ച്, അതുമായി വ്യക്തി അന്തരഞ്ജനം നേടുകയാണ് യഥാർത്ഥ വിദ്യാഭ്യാസമെന്ന സ്വസിദ്ധാന്തം പ്രായോഗികമാക്കുകയാണ് ഫ്രോയ്ബൽ ചെയ്തതു്.

പല മാതൃകാവിദ്യാഭ്യാസ സ്ഥാപനങ്ങളും ഫ്രോയ്ബൽ പടുത്തുയർത്തി. സമൂഹത്തിലെ പാവപ്പെട്ടവർക്കുവേണ്ടി ഒരു സാമാന്യ വിദ്യാഭ്യാസകേന്ദ്രം സ്വിറ്റ്സർലൻഡിലെ ബേൺ നഗരത്തിൽ ആരംഭിക്കാൻ അദ്ദേഹത്തിനു പരിപാടിയുണ്ടായിരുന്നു. പക്ഷേ, പണം വേണ്ടത്ര ലഭിക്കായ്കയാൽ ഈ പരിപാടി വിജയിച്ചില്ല. ക്രമേണ അധികൃതർക്കു ഫ്രോയ്ബലിന്റെ വിപ്ലവകരങ്ങളായ വിദ്യാഭ്യാസസിദ്ധാന്തങ്ങളുമായി പൊരുത്തപ്പെടാൻ കഴിയാതെയായി. ഉദാരങ്ങളായ സോഷ്യലിസ്റ്റ് ആശയങ്ങളോടു തനിക്കുള്ള ചായ്‌വ് ഫ്രോയ്ബൽ മറച്ചുവെച്ചില്ല. ഇതുമൂലം അധികൃതരുടെ സഹകരണം ഫ്രോയ്ബലിനു കിട്ടാതെയായി. ഒടുവിൽ 1851-ൽ പ്രഷ്യൻ സർക്കാർ അദ്ദേഹത്തിന്റെ കിൻഡർ ഗാർട്ടനുകൾ അടച്ചുപൂട്ടുകയും ചെയ്തു. ഒമ്പതു കൊല്ലം കഴിഞ്ഞു് അവ വീണ്ടും തുറന്നുവെങ്കിലും അതു കാണാൻ ഫ്രോയ്ബൽ ജീവിച്ചിരുന്നില്ല.

ശിശുവിദ്യാഭ്യാസത്തെപ്പറ്റി പില്ക്കാലത്തു ചിന്തിച്ചിട്ടുള്ളവരെല്ലാം ഫ്രോയ്ബലിന്റെ മൗലികങ്ങളായ സിദ്ധാന്തങ്ങളെ അതേപടി സ്വീകരിക്കുകയാണു ചെയ്തിട്ടുള്ളതു് മരിയ മോണ്ടിസ്സോറി വലിയ അളവിൽ ഫ്രോയ്ബലിനെ ഉപജീവിച്ചിട്ടുണ്ട്. ഗാന്ധിജിയുടെ അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനതത്ത്വങ്ങളും, ഒട്ടൊക്കെ, ഫ്രോയ്ബൽ ആവിഷ്കരിച്ചവതന്നെ. ഫ്രോയ്ബൽ കളിയിലൂന്നിയപ്പോൾ, കളിയെ ഉല്പാദകപ്രവർത്തനമാക്കി മാറ്റാൻ ഗാന്ധിജി കൂടുതൽ താല്പര്യം കാണിക്കുകയുണ്ടായി എന്നതാണ് ഇവർ തമ്മിലുള്ള മുഖ്യ വ്യത്യാസം.

രണ്ടു വിവാഹം കഴിച്ചുവെങ്കിലും ഫ്രോയ്ബലിനു കുട്ടികളുണ്ടായില്ല. തന്റെ ഒസ്യത്തിൽ അദ്ദേഹം എഴുതി: 'ജീവിക്കേണ്ടതു് എങ്ങനെ എന്ന്

നമുക്ക കുട്ടികളെ പഠിപ്പിക്കുക. ഫ്രോയ്ബലിന്റെ വിദ്യാഭ്യാസാദർശവും ജീവിതസന്ദേശവും എല്ലാം അതിൽ അടങ്ങിയിരിക്കുന്നു. കുട്ടികൾക്ക് കളിയിലൂടെ ജീവിതോപയോഗിയായ വിദ്യാഭ്യാസം നേടുന്നതിനുള്ള ഉപകരണങ്ങളായി അദ്ദേഹം രൂപപ്പെടുത്തിയ ക്യൂബിന്റെയും സിലിണ്ടറിന്റെയും ഗോളത്തിന്റെയും ചിത്രങ്ങൾ ജർമനിയിൽ തുരിംഗിയ സംസ്ഥാനത്തിൽ ഷൈചന എന്ന സ്ഥലത്തുള്ള അദ്ദേഹത്തിന്റെ ശ്മശാനശിലയിൽ കൊത്തിവെച്ചിട്ടുണ്ട്.

ഈ വിദ്യാഭ്യാസചിന്തകന്റെ ഇരുന്നൂറാം വാർഷികം ഇന്ത്യയിൽ ആഘോഷിക്കപ്പെടുകയുണ്ടായില്ല. ഈ അവസരത്തിൽ മഹാനായ ഈ വിദ്യാഭ്യാസ ചിന്തകനെ, 'ബാലോദ്യാന'ങ്ങളുടെ ഈ ആവിഷ്ക്കർത്താവിനെ, നാം ഓർമിക്കാതിരുന്നതു കഷ്ടമായി.

22 മെയ്, 1982

# 98. എം. സി. ജോസഫ്

ഞാൻ ഇതെഴുതുമ്പോഴും എം. സി. ജോസഫിന്റെ ശരീരം കോഴിക്കോട്ട് മെഡിക്കൽ കോളേജിലെ ഡിസെക്ഷൻ ഹാളിൽ ഏതെങ്കിലുമൊരു മേശപ്പുറത്തു മലർന്നുകിടക്കുകയായിരിക്കും. മൃതശരീരത്തിനു സ്വാഭാവികമായി സംഭവിക്കുന്ന അഴുകലും, അഴുകലിനെ താല്ക്കാലികമായി ചെറുക്കുന്ന ഫോർമലിൻ ദ്രാവകവും ചേർന്ന് ആ ശരീരത്തിന്, ഡിസെക്ഷൻ ഹാളിലെ 'കഡാവറ്'കളുടെ സവിശേഷതയായ പ്രത്യേക നിറവും പ്രത്യേക ഗന്ധവും നല്കിയിട്ടുണ്ടാവും. സൂക്ഷ്മതയോ പരിചയമോ ഇല്ലാത്ത വിദ്യാർത്ഥികളുടെ ശസ്ത്രപ്രയോഗമേററ് അതിന്റെ ഏതാനും ഭാഗങ്ങൾ ഇതിനകംതന്നെ നഷ്ടപ്പെട്ടിരിക്കാനും ഇടയുണ്ട്.

വ്യർത്ഥമായ വ്യസനത്തോടും അകാരണമായ നടുക്കത്തോടും കൂടി ആ രംഗം സങ്കല്പിക്കുവാൻ ശ്രമിക്കുംതോറും എന്റെ ഓർമയിൽ തെളിഞ്ഞുവരുന്നത് ഏതാണ്ട് ഒന്നര വർഷം മുമ്പ് ഇരിങ്ങാലക്കുടയിലുള്ള വീട്ടിൽ ചെന്ന് എം. സി. യെ ഞാൻ സന്ദർശിച്ച സന്ദർഭമാണ്. ഒരു പഞ്ചായത്തു തലസ്ഥാനത്തിൽനിന്ന് ഏറെയൊന്നും വളർന്നുകഴിഞ്ഞിട്ടില്ലാത്ത ഇരിങ്ങാലക്കുട നഗരം കഴിഞ്ഞ ഏതാനും ദശകങ്ങളായി കേരളത്തിലെ സംസ്കാരപ്രണയികളുടെ സ്മരണയിലെത്തിയിരുന്നതു യുക്തിവാദാചാര്യനായ എം. സി. ജോസഫിന്റെ ആവാസസ്ഥലം എന്ന നിലയിലായിരുന്നുവല്ലോ. വാർദ്ധക്യത്തിന്റെ അപരിഹാര്യമായ അവശതയ്ക്കു വിധേയനായി കഴിഞ്ഞിരുന്ന എം. സി. യെ സന്ദർശിക്കുവാൻകൂടിയാണ് അന്നു ഞാൻ ഇരിങ്ങാലക്കുടയിലെത്തിയതു്. അദ്ദേഹത്തിന്റെ പുത്രൻ, കട്ടിലിൽ ചെരിഞ്ഞ് ചുമർ നോക്കി കിടന്നിരുന്ന അപ്പനെ വിളിച്ച് ഞാൻ വന്ന വിവരം അറിയിച്ചു. എം. സി. തിരിഞ്ഞു കിടന്ന് എന്നെ നോക്കി ചിരിച്ചു. എത്രയോ തവണ ഞാൻ കണ്ടു പരിചയിച്ചിട്ടുള്ള വാത്സല്യോഷ്മളമായ ആ ചിരിയും ആ ചിരിയുടെ പിന്നിലുള്ള ഊർജസ്വലമായ വ്യക്തിത്വവും ഒരിക്കലും എന്റെ ഓർമയിൽനിന്നു മാഞ്ഞുപോവുകയില്ല. മെഡിക്കൽ കോളേജിലെ ഡിസെക്ഷൻ ഹാളല്ല, മററു പല രംഗങ്ങളുമാണ്, ആ സ്മരണയുമായി സ്വാഭാവികമായി ബന്ധപ്പെട്ടിരിക്കുന്നതു്.

പതിനെട്ടാം നൂററാണ്ട് യൂറോപ്പിൽ യുക്തിയുടെയും ഗദ്യത്തിന്റെയും കാലഘട്ടമായിരുന്നു എന്നു പറയാറുണ്ട്. തൊണ്ണൂററഞ്ചു വർഷം